നം.ബി -2

ജോയിൻറ് കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
ടാക്സ് ടവർ, തിരുവനന്തപുരം.
Ph:0471- 2785026
email: -dcthiruvananthapuram@gmail.com
തീയതി : 03.09.2022.

തിരുവനന്തപുരം ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മറ്റി -ആഗസ്റ്റ്- 2022 യോഗ നടപടി ക്രമങ്ങളും തീരുമാനങ്ങളും

എല്ലാ മാസവും നടത്തിവരാറുള്ള തിരുവനന്തപുരം ജില്ലാതല ജിഎസ്.ടി. ഫെസിലിറ്റേഷൻ കമ്മറ്റിയുടെ 2022 ആഗസ്റ്റ് മാസത്തെ യോഗ നടപടികൾ 10-08-2022 ഉച്ചക്ക് 2.30 ന് Google Meet ലൂടെ ഓൺലൈനായി, ജില്ലാതല ജോയിന്റ് കമ്മീഷണർ ശ്രീമതി സുലജ ജെ.എസ്സ് ന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ വകുപ്പുതലത്തിലും വ്യാപാരി, ജി എസ്. ടി പ്രാക്ടീഷണർമാരുടെ സംഘടനാ തലത്തിലുമുള്ള , താഴെ പറയുന്ന പ്രതിനിധികൾ പങ്കെടുത്തു.

ജി എസ്.ടി വകുപ്പ് പ്രതിനിധികൾ

1. ശ്രീമതി വിശാലക്ഷമി -Superintendent CGST
2. ശ്രീമതി ലെന എസ്സ് - ഡെപ്യൂട്ടി കമ്മീഷണർ , തിരുവനന്തപുരം
3.ശ്രീ.സജിത്ത് പി.എസ്സ് ഡെപ്യൂട്ടി കമ്മീഷണർ ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
4. ശ്രീമതി വീണ എ.ബി- ഡെപ്യൂട്ടി കമ്മിഷണർ, സ്പെഷ്യൽ സർക്കിൾ , തിരുവനന്തപുരം.
5.ശ്രീ. സുർജിത്ത് സി.കെ, ഡെപ്യൂട്ടി കമ്മീഷണർ , ഇൻറലിജൻസ്,തിരുവനന്തപുരം
6.. ശ്രീ. മനു. ബി. ഡെപ്യൂട്ടി കമ്മീഷണർ ,ഡി സി ഓഫീസ് നെയ്യാറ്റിൻകര
7. ശ്രീ. അജിൽ കുമാർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഇൻേറണൽ ആഡിറ്റ്
8. ശ്രീ. മനേഷ് വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ

2. വ്യാപാരി, പ്രാക്ടീഷണർ സംഘടനാ പ്രതിനിധികൾ

1. ശ്രീ. വിജയൻ ആചാരി - Kerala tax practitioners Association
2. ശ്രീ. വിജയൻ.വൈ - കേരള വ്യാപാരി വ്യവസായി ഏകോപനസമിതി
3. ശ്രീ ഫസ്സലുദ്ദീൻ തോപ്പിൽ - KSSI
4. ശ്രീ കെ.ജെ.സബാസ്റ്റ്യൻ -Kerala Cement Dealers Associations
5. ശ്രീ മഹേഷ് തയ്യൂർ -All Kerala tax practitioners Association
6 ശ്രീ ഇരുമ്പിൽ വിജയൻ -TWC
7 . ശ്രീ വി.കെ വർഗ്ഗീസ്- KSSI

യോഗ നടപടി ക്രമങ്ങളുടെ ഭാഗമായി, യോഗത്തിൽ പങ്കെടുത്ത സംസ്ഥാന – സെൻട്രൽ തലങ്ങളിൽ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥരെയും വ്യാപാരികളുടെയും പ്രാക്ടീഷണർമാരുടെയും പ്രതിനിധികളേയും ജോയിന്റ് കമ്മീഷണർ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. കൂടാതെ മുൻമാസത്തെ യോഗത്തിൻ്റെ മിനിറ്റ്സിനെക്കുറിച്ചും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളേയും നടപടികളേയുംക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. ശ്രീ അജിൽ കുമാർ STO, ശ്രീ മനേഷ് വി.കെ ASTO എന്നിവർ യഥാക്രമം ജി.എസ്സ്.ടി നിയമത്തിലും സാങ്കേതിക സംവിധാനങ്ങളിലും വന്നിട്ടുള്ള ഏറ്റവും പുതിയ മാറ്റങ്ങളെക്കുറിച്ച് വിശദമായി സംസാരിക്കുകയുണ്ടായി. യോഗത്തിൽ ഉന്നയിക്കപ്പെട്ടതും ചർച്ച ചെയ്തതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ജി.എസ്സ്.ടിയുമായി ബന്ധപ്പെട്ട സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന മറ്റ് നിയമങ്ങളിലും വന്നിട്ടുള്ള മാറ്റങ്ങളും അതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, വിശദീകരണങ്ങൾ മുതലായവ.

ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ 47ാം GST കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്

09/2022 മുതൽ 16/2022 വരെയുള്ള 8 Central Tax Notification കളും

170/2022 **മുതൽ** 176/2022 വരെയുള്ള **7** സർക്കുലറുകളും

03/2022 മുതൽ 11/2022 വരെയുള്ള 9 Central Tax (Rate) Notification കളുമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഇതിൽ Central Tax Notification 9/2022 മുതൽ 14/2022 (Rule amendment) വരെയുള്ള നോട്ടിഫിക്കേഷനിൽ 14/2022 ലെ Rule amendment ലെ ആദ്യത്തെ 6 മാറ്റങ്ങൾ കഴിഞ്ഞ മീറ്റിംഗിൽ discuss ചെയ്ത മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു ശേഷം വരുന്നവയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

Notification 14/2022 dated 05.07.2022 (Continues….)

ഈ നോട്ടിഫിക്കേഷൻ പ്രകാരമുള്ള Rule 21A. Rule 43, Rule 46, Rule 86, Rule 87, Rule 88B യുടെ കൂട്ടിച്ചേർക്കൽ എന്നീ ആറ് മാറ്റങ്ങൾ കഴിഞ്ഞ മിനിറ്റ്സിൽ വിശദമാക്കിയിരുന്നു.

(No 7 onwards are explained below)

7) ഈ Notification പ്രകാരമുള്ള Rule amendment ലെ 7-) മത്തെ മാറ്റം Rule 89 ൽ വന്നിട്ടുള്ളതാണ്.

ഈ Rule ൽ 4 മാറ്റങ്ങൾ ആണ് ഈ നോട്ടിഫിക്കേഷൻ പ്രകാരം വന്നിട്ടുള്ളത്

i) Sub Rule (1) ൽ 4- മത്തെ proviso ക്ക് ശേഷം 5-ആമതായി മറ്റൊരു Proviso കൂട്ടിച്ചേർത്തു.

ഇതു പ്രകാരം, ഈ sub rule ൽ "Specified Officer" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, 'Special Economic Zone Rules 2006' പ്രകാരം define ചെയ്തിട്ടുള്ള "Authorized Officer" ആയിരിക്കും

ii) Sub Rule (2) ൽ clause (b) യിൽ “On Account of Export of Goods" എന്നതിന് ശേഷം "Other than Electricity" എന്ന് കൂടി കൂട്ടിച്ചേർത്തു.

Electricity യുടെ export ഉമായി ബന്ധപ്പെട്ട Refund ന് പുതിയ procedure നിലവിൽ വന്നതിനാലാണ് ആയതിനെ ഇതിൽ നിന്നും മാറ്റിയത്.

കൂടാതെ Rule 89 ന്റെ Sub Rule (2) ൽ clause (b) യ്ക്ക് ശേഷം (ba) എന്ന clause കൂട്ടിച്ചേർത്തു.

clause (ba) എന്നത് Electricity export ഉമായി ബന്ധപ്പെട്ട refund ലഭിക്കുന്നതിനായിസമർപ്പിക്കേണ്ട document കളെയും മറ്റും സംബന്ധിച്ചുള്ളതാണ്. ഇതനുസരിച്ച് electricity യുടെ export invoice കളുടെ നമ്പർ, തീയതി export ചെയ്ത electricity സംബന്ധിച്ച വിവരം, വൈദ്യുതിയുടെ export ന്റെ tariff per unit (agreement പ്രകാരമുള്ള), Regional Power Committee Secretariat issue ചെയ്തിട്ടുള്ള Statement of Schedule for Export എന്നിവ അപേക്ഷയൊടൊപ്പം സമർപ്പിക്കണമെന്ന് ഈ clause ൽ പ്രതിപാതിക്കുന്നു.

(iii) Rule 89 ന്റെ sub-Rule (4) ൽ ഒരു explanation കൂട്ടിച്ചേർത്തു.

ഈ explanation പ്രകാരം ഇന്ത്യക്കു പുറത്തേക്ക് export ചെയ്യുന്ന സാധനങ്ങളുടെ value കണക്കാക്കേണ്ടത് താഴെ പറയുന്നവയിൽ ഏതാണ് കുറവ് എന്നതിൽനിന്നും ആയിരിക്കും.

a. FOB value (Free on Board) declared in the Shipping Bill or Bill of Export

b. The value declared in the invoice or bill of supply.

iv) Rule 89, Sub Rule (5) ൽ inverted duty structure പ്രകാരമുള്ള refund അനുവദിക്കുന്നതിനുള്ള formula

Maximum refund amount = {(Turnover of inverted rated supply of goods and services) x net ITC /adjusted turnover}- tax payable on such inverted rated supply of goods and services. എന്നതിൽ minus ചെയ്യുന്ന portion ആയ "Tax Payable on such Inverted Rated Supply of Goods and Services" എന്നതിനു പകരം {Tax Payable on Inverted Rated Supply of Goods and Services x(Net ITC/ ITC availed on inputs and input services) എന്ന് substitute ചെയ്തു.

8) Rule 95 A, 01.07.2019 മുതൽ ഒഴിവാക്കിയതായി കണക്കാക്കുന്നതാണ്.

9) Rule 96(1) ൽ clause b substitute ചെയ്യപ്പെട്ടു.

a) Integrated Tax അടച്ചുകൊണ്ട് export നടത്തുന്ന case കളുമായി ബന്ധപ്പെട്ട refund ൽ substitute ചെയ്ത clause(b) ഉം അതിനോടൊപ്പം വന്നിട്ടുള്ള proviso യും പ്രകാരം, refund ലഭിക്കുന്നതിനായി applicant, valid ആയിട്ടുള്ള FORM GSTR-3B ഫയൽ ചെയ്തിരിക്കണമെന്നതിനു പുറമെ പ്രൊവിസോ പ്രകാരം shipping bill ൽ exporter നൽകിയിരിക്കുന്ന വിവരവും FORM GSTR-1 നൽകിയിരിക്കുന്ന വിവരവും തമ്മിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടായിരിക്കുന്ന പക്ഷം exporter ഇതു പരിഹരിക്കുന്ന തീയതിയിൽ മാത്രമായിരിക്കും ഈ refund application ഫയൽചെയ്തതായികണക്കാക്കുക.

b) Rule 96(4) ൽ clause (b) യ്ക്ക് ശേഷം (c) എന്ന ഒരു clause കൂടി കൂട്ടിച്ചേർത്തു.

ഈ clause പ്രകാരം കമ്മീഷണർക്കോ, ബോർഡ് അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനൊ ഏതെങ്കിലുമൊരു data analysis വഴിയൊ risk parameter വഴിയൊ ഒരു exporter ടെ refund അനുവദിക്കുന്നതിന് ITC ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് Revenue സംരക്ഷിക്കുന്നതിന് ആവശ്യമാണെന്ന നിഗമനത്തിലെത്തി ച്ചേരാവുന്നതാണ്.

c) Rule 96(5) ഒഴിവാക്കിയതായി കണക്കാക്കുന്നതാണ്.

"ഒരു customs station ലെ proper officer, Rule 96(4)(a) പ്രകാരം withheld ചെയ്യുന്ന refund സംബന്ധിക്കുന്ന വിവരം exporter യും അയാളുടെ Jurisdictional Central/State Proper Officer യും intimate ചെയ്യേണ്ടതാണ് " എന്നായിരുന്നു ഈ sub rule.

d) Rule 96(5) ന് ശേഷം 96 (5A) കൂട്ടിച്ചേർത്തു.

ഈ sub rule 5(A) അനുസരിച്ച്, Rule 96(4) ലെ clause (a), അഥവാ (c) പ്രകാരം ഒരു refund withheld ചെയ്യപ്പെട്ടാൽ അത്തരം refund case, common portal generate ചെയ്യപ്പെടുന്ന FORM GST RFD-01 വഴി proper officer ക്ക് (Central Tax/State Tax) ന് കൈമാറ്റം ചെയ്യപ്പെടുകയും ഇതുമായി ബന്ധപ്പെട്ട intimation, exporter ക്ക് common portal വഴി നൽകേണ്ടതുമാണ്. ഇത്തരം application ഏതു ദിവസമാണോ proper officer ക്ക്കൈമാറ്റം ചെയ്യപ്പെട്ടത് ആ date ആയിരിക്കും refund application file ചെയ്ത date ആയി കണക്കാക്കുക.

Rule 96(5) ന് ശേഷം (5B) എന്ന Sub rule ഉം കൂട്ടിച്ചേർക്കപ്പെട്ടു.

ഇത് പ്രകാരം, ഏതെങ്കിലും ഒരു refund, Rule 96(4) ന്റെ clause (b) പ്രകാരം withheld ചെയ്യപ്പെട്ടാൽ [പ്രസ്തുത സാധനം Customs Act 1962 ലംഘിച്ച് കൊണ്ടാണ് Export ചെയ്തത് Customs Proper Officer ക്ക് ബോദ്ധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ], Customs Proper Officer ഒരു order pass ആക്കി കൊണ്ട് refund claim നെ Common Portal ൽ generate ചെയ്യപ്പെടുന്ന FORM GST RFD-01 വഴി Central/State Proper Officer ക്ക് transfer ചെയ്ത് കൊടുക്കേണ്ടതും, ആയത് സംബന്ധിച്ച ഒരു intimation exporter ന് നൽകേണ്ടതുമാണ്. ഇവിടെ system generated form ആയിരിക്കും refund application ആയി കണക്കാക്കുക. അതിനാൽ ഈ Form വഴി transmission നടന്ന തീയതിയിലായിരിക്കും application file ചെയ്തതായി കണക്കാക്കുക.

e) Rule 96 ലെ Sub rule (6), (7) എന്നിവ ഒഴിവാക്കിയതായി കണക്കാക്കപ്പെടുന്നതാണ്.

ഒരു Customs Proper Officer ഏതെങ്കിലുമൊരു refund application Rule 96 (4) (a) പ്രകാരം withheld ചെയ്ത് Rule 96(5) വഴി exporter യും proper officer (State/Central) നെയും intimate ചെയ്ത് കഴിഞ്ഞാൽ proper officer Form GST RFD-07 ന്റെ Part A യിൽ ഒരു order pass ആക്കണമെന്ന് Sub rule (6) ലും തുടർന്ന് exporter യഥാർത്ഥത്തിൽ refund ന് അർഹനാണെന്ന് ബോദ്ധ്യപ്പെട്ടാൽ Form GST RFD-07 ന്റെ part B യിലെ ഓർഡർ വഴി refund application ന്റെ withheld, release ചെയ്യാവുന്നതും, proper officer ക്ക് ഒരു ഓർഡർ വഴി Form GST RFD-06 issue ചെയ്ത് കൊണ്ട് refund അനുവദിക്കാവുന്നതുമാണ്.

10) GSTR – 3B പരിഷ്കരിക്കപ്പെട്ടു.

11) GSTR – 9 പരിഷ്കരിക്കപ്പെട്ടു.

12) FORM GST PMT–03 യ്ക്ക് ശേഷം FORM GST PMT–03 A യുടെ format insert ചെയ്തു.

13) FORM GST PMT–06, PMT–07 എന്നിവ IMPS വഴിയുള്ള payment ന് സൗകര്യം ഒരുക്കികൊണ്ട് പരിഷ്കരിച്ചു.

14) FORM GST PMT–09 നെ Distinct person ന്റെ cash ledger ലേയ്ക്ക് പണം transfer ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിലേയ്ക്കായി പരിഷ്കരിച്ചു.

Notification No.15/2022 –CT dated 13.07.2022

GST registration എടുക്കുന്നതിനുള്ള (Exclusively goods) Threshold limit (40 lakhs) ബാധകമല്ലാത്ത category യിൽപ്പെടുന്നവരെ സംബന്ധിച്ച Notification10/2019 പ്രകാരം notify ചെയ്തിട്ടുള്ള മൂന്ന് ഇനം goods കളോടൊപ്പം Notification 03/2022 പ്രകാരം 4 ഇനം goods കൾ കൂടി കൂട്ടിച്ചേർത്ത് 10/2019 amend ചെയ്തിരുന്നു. ഇതിൽ 4–ാംമത്തെ Sl.No. ആയി ചേർക്കപ്പെട്ട "Fly ash bricks or fly ash aggregates with 90% or more fly ash content, Fly ash blocks" എന്ന entry ഈ നോട്ടിഫിക്കേഷൻ പ്രകാരം, അതുമായി ബന്ധപ്പെട്ട ചില confusions ഒഴിവാക്കുന്നതിലേയ്ക്കായി " fly ash bricks Fly ash aggregates, Fly ash blocks" എന്ന് substitute ചെയ്തു.

Notification No.16/2022 –CT dated 13.07.2022

Section 10(1) പ്രകാരം composition opt ചെയ്യുന്നതിനുള്ള negative list ആയി Notification 14/2019 പ്രകാരം ഉൾപ്പെടുത്തിയിരുന്ന മൂന്ന് ഇനങ്ങളോടൊപ്പം Serial No.4 മുതൽ 7 വരെയായി മേൽ നോട്ടിഫിക്കേഷനിൽ വിവരിച്ച 4 ഇനങ്ങൾ കൂടി കൂട്ടിച്ചേർത്തു. (Notification 04/2022 പ്രകാരം) 4–ാംമത്തെ Sl.No. ആയി ചേർക്കപ്പെട്ട "Fly ash bricks or fly ash aggregates with 90% or more fly ash content, Fly ash blocks" എന്ന entry ഈ നോട്ടിഫിക്കേഷൻ പ്രകാരം, അതുമായി ബന്ധപ്പെട്ട ചില confusions ഒഴിവാക്കുന്നതിലേയ്ക്കായി " fly ash bricks Fly ash aggregates, Fly ash blocks" എന്ന് substitute ചെയ്തു.

Circulars

1. Circular 170/2022 dated 06.07.2022

Mandatory furnishing of correct and proper information in Form GSTR– 3B & GSTR–1

a) Furnishing interstate supply made to unregistered person, composition taxable person and UIN holders

പല ആളുകളും GSTR 3B file ചെയ്യുമ്പോൾ Table 3.2 ൽ Unregistered person ന് നടത്തുന്ന Interstate supply Section 10 പ്രകാരം നികുതി അടയ്ക്കുന്ന taxable person (Composition tax payer), UIN

dealers എന്നിവർക്ക് നടത്തുന്ന supply (sale) എന്നിവ ശരിയായ രീതിയിൽ report ചെയ്യാറില്ല. ഈ വിവരങ്ങള് Table 3.1 ൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന നിഗമനത്തിലാണ് ഇത്തരത്തിൽ ചെയ്യാതിരിക്കുന്നത്.

കൂടാതെ ഇത്തരത്തിലുള്ള Unregistered person ന്റെ address (പ്രത്യേകിച്ചും banking, insurance, finance, stock broker, telecom digital payment facilitate, OTT platform services from ECO's) തുടങ്ങിയവയിൽ supplier തെറ്റായി collect ചെയ്യുകയും, invoice ലും GSTR-3B യിലെ Table 3.2 ലും തെറ്റായി 'place of supply' കാണിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട Interstate supply യെ സംബന്ധിക്കുന്ന മൂന്ന് കാര്യങ്ങൾ ഈ സർക്കുലർ നിർദ്ദേശിക്കുന്നു.

i) Unregistered persons ന് നടത്തുന്ന supply details Form GSTR3 B യുടെ table 3.2 ലും GSTR-1 ന്റെ Table 7B,5,9/10 എന്നിവയിലും place of supply wise ആയി കാണിക്കേണ്ടതാണ്.

ii) Section 10 പ്രകാരം composition opt ചെയ്ത് നികുതി അടയ്ക്കുന്നവർക്ക് നടത്തുന്ന supply, UIN holders ന് നടത്തുന്ന supply എന്നിവയും place of supply-wise ആയി GSTR3B യുടെ Table 3.2 ലും, GSTR-1 ന്റെ Table 4A or 4C or 9 ലും നിയമം അനുശാസിക്കുന്ന രീതിയിൽ കാണിക്കേണ്ടതാണ്.

iii) Customer database യഥാസമയം ശരിയായ state details ഓട്ടുകൂടി update ചെയ്യേണ്ടതും invoice ലും, GSTR3B യിലെ Table 3.2 ലും ശരിയായ POS declare ചെയ്യേണ്ടതുമാണ്. ഇത് യഥാർത്ഥ consumption നടക്കുന്ന state ന് destination principle പ്രകാരം നികുതി ലഭ്യത ഉറപ്പ് വരുത്തുന്നു. കൂടാതെ Form GSTR-1 ന്റെ table 9,10 എന്നിവയിൽ വരുത്തുന്ന amendment GSTR3B യുടെ table 3.2 ലും report ചെയ്യേണ്ടതാണ്.

b) <u>Furnishing of information regarding ITC availed reversal thereof and in eligible ITC in table-4 of GSTR 3B</u>

GSTR-3B യിലെ table 4 ൽ table 4A, GSTR 2A യിലെ വിവിധ entry കളിൽ നിന്നും auto generate ചെയ്തു വരുന്നു. എന്നാൽ ഇതിലെ table 4B യിലെ Rule 42, Rule 43 തുടങ്ങിയ ITC reversal കൾ, registered person തന്നെ സ്വന്തമായി ascertain ചെയ്ത് ചേർത്തുകൊടുക്കേണ്ടതുണ്ട്. എന്നാൽ ineligible ITC report ചെയ്യുന്നതിൽ പലരും പലതരത്തിലുള്ള രീതികൾ അവലംബിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

GSTR 3B യിലെ table 4C യിലെ Net ITC എന്ന field ൽ നല്കുന്ന തുകയാണ് ആ return വഴി ആ മാസത്തെ ITC ആയി electronic credit ledger ലേക്ക് എത്തിച്ചേരുന്നത്. ആയതിനാൽ ഏതെങ്കിലും തരത്തിൽ ineligible ആയ ITC ഈ ഫീൽഡിൽ വരുന്ന തുകയിൽ ഉൾപ്പെടാൻ പാടില്ല.

2020 ആഗസ്റ്റ് മാസം മുതൽ GSTR 2B നിലവിൽ വന്നതോടെ GSTR 3B യിലെ table 4 ലെ മുഴുവൻ data യും GSTR 2B യിൽ നിന്നും Auto generate ആയിട്ടാണ് രൂപം കൊള്ളുന്നത്. എന്നാൽ ഇതിൽ Section 16(4) പ്രകാരം ITC അർഹതയുള്ള സമയ പരിധി അവസാനിച്ചുകഴിഞ്ഞതുമായി ബന്ധപ്പെട്ട (തൊട്ടടുത്ത സാമ്പത്തിക വർഷം November 30 വരെ) ITC യുടെ details ഒരു Intra-State Supply യുടെ Recipient, place of supply യ്ക്ക് വിരുദ്ധമായി മറ്റൊരു സംസ്ഥാനത്തിലായിരിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ ITC details എന്നിവ ഒഴികെയുള്ള തുകയായിരിക്കും ഇത്തരത്തിൽ auto generate ചെയ്തു വരുന്നത്.

ഇതിന്റെ വെളിച്ചത്തിൽ ഒരു Registered person Return കളിൽ ശരിയായ report സമർപ്പിക്കുന്നതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഈ സർക്കുലർ നല്കുന്നു.

A) ഒരു Return ൽ ലഭ്യമായ total ITC (eligible ITC യും ineligible ITC യും ചേർത്ത്) Form GSTR 2B വഴി Form GSTR 3B യുടെ table 4A യിൽ auto generate ചെയ്യുന്നു. ഇതിൽ Section 16(4) പ്രകാരം ineligible ആയിട്ടുള്ള ITC യും, ഒരു intrastate supply യുടെ recipient മറ്റൊരു state ൽ ആണെങ്കിൽ അത്തരം ITC യും ഉൾപ്പെടുന്നതല്ല.

B) ഇതിൽ ഏതെങ്കിലും തരത്തിലുള്ള tax reversal വരുന്നുണ്ടെങ്കിൽ, അത്തരം reversal reclaimable അല്ലെങ്കിൽ ആയത് reverse ചെയ്യേണ്ടത് GSTR3B യുടെ Table 4 (B)(1)ൽ ആയിരിക്കണം. താഴെ പറയുന്ന reversal കൾ ഇതിൽ ഉൾപ്പെടുന്നു.

1) Rule 38 പ്രകാരമുള്ളവ (Reversal by banking or a Financial Institution)
2) Rule 42,43
3) Reporting ineligible ITC U/s 17(5)

C) Reverse ചെയ്യുന്ന ITC ഭാവിയിൽ reclaim ചെയ്യുവാൻ സധ്യതയുള്ളതാണെങ്കിൽ ആയത് reverse ചെയ്യേണ്ടത് GSTR 3B യിലെ Table 4(B)(2) യിൽ കാണിച്ചുകൊണ്ടായിരിക്കണം. ഇതിലുൾപ്പെടുന്ന reversal കൾ താഴെ പറയുന്നവയാണ്.

1) Rule 37 പ്രകാരമുള്ളവ (consideration within 180 days)
2) Section 16(2) b പ്രകാരമുള്ളവ
3) Section 16(2)c പ്രകാരമുള്ളവ
4) മുൻ return കളുടെ Table 4(A)യിൽ കാണിച്ച തെറ്റായി എടുത്തിട്ടുള്ള ITC

D) ഇങ്ങനെ വരുമ്പോൾ Net ITC എന്നത് 4A– [4B (1) +4B (2)] ആയിരിക്കും. ഈ തുകയായിരിക്കും Electronic Credit Ledger ലേക്ക് credit ചെയ്യപ്പെടുക.

E) Section 17(5) പ്രകാരമുള്ള ineligible ITC, Table 4(B) യിൽ കാണിച്ച കഴിഞ്ഞതിനാൽ ഈ reversal ഇനിമുതൽ Table 4D (1) ൽ കാണിക്കേണ്ടതില്ല.

F) 4A യിലെ ITC യിൽ ഉൾപ്പെട്ടു വന്നിട്ടില്ലാത്ത Section 16(4) പ്രകാരമുള്ള reversal, ഒരു intra-state supply യുടെ recipient മറ്റൊരു സംസ്ഥാനത്തിലാണെങ്കിലു- മുള്ള reversal report ചെയ്യേണ്ടത് Table 4D (2) ൽ ആയിരിക്കണം.

<u>മാറ്റങ്ങൾ ഉൾക്കൊള്ളിച്ച GSTR-3B യുടെ Table-3 Table-4 എന്നിവ</u>

(Newly added portions are shown in red colour and omitted portions are highlighted)

FORM GSTR-3B

Year	(1)
Month	(2)

[See rule 61(5)]

1.		GSTIN	
2.		Legal name of the registered person	Auto Populated

3.1 Details of Outward Supplies and inward supplies liable to reverse charge (other than those covered in 3.1.1)

Nature of Supplies	Total Taxable value	Integrated Tax	Central Tax	State/UT Tax	Cess
1	2	3	4	5	6
(a) Outward taxable supplies (other than zero rated, nil rated and exempted)					
(b) Outward taxable supplies (zero rated)					
(c) Other outward supplies (Nil rated, exempted)					
(d) Inward supplies (liable to reverse charge)					
(e) Non-GST outward supplies					

(Newly added Table 3.1.1 (i) & 3.1.1 (ii)

"3.1.1 Details of supplies notified under sub-section (5) of section 9 of the Central Goods and Services Tax Act, 2017 and corresponding provisions in Integrated Goods and Services Tax/Union Territory Goods and Services Tax/State Goods and Services Tax Acts.

Nature of Supplies	Total Taxable value	Integrated Tax	Central Tax	State/UT Tax	Cess
1	2	3	4	5	6
(i)Taxable supplies on which electronic commerce operator pays tax under sub-section					

(5) of section 9 [to be furnished by the electronic commerce operator]					
(ii) Taxable supplies made by the registered person through electronic commerce operator, on which electronic commerce operator is required to pay tax under sub-section (5) of section 9 [to be furnished by the registered person making supplies through electronic commerce operator]					

3.2 Interstate Supplies

Supplies shown in 3.1 (a) and 3.1.1(i) above, details of inter-State supplies made to unregistered persons, composition taxable persons and UIN holders

	Place of Supply (State/UT)	Total Taxable value	Amount of Integrated Tax
1	**2**	**3**	**4**
Supplies made to Unregistered Persons			
Supplies made to Composition Taxable Persons			
Supplies made to UIN holders			

4.1 Eligible ITC

Details	Integrated Tax	Central Tax	State/UT Tax	Cess
1	**2**	**3**	**4**	**5**
(A) ITC Available (whether in full or part)				
(1) Import of goods				

(2) Import of services				
(3) Inward supplies liable to reverse charge (other than 1 & 2 above)				
(4) Inward supplies from ISD				
(5) All other ITC				
(B) ITC Reversed				
(1) As per rules 42 & 43 of CGST Rules As per rules 38, 42 and 43 of CGST Rules and sub-section (5) of section 17. (Not reclaimable)				
(2) Others (Reclaimable) Rule 37 പ്രകാരമുള്ളവ (consideration within 180 days) Section 16(2) b പ്രകാരമുള്ളവ Section 16(2)c പ്രകാരമുള്ളവ ITC wrongly taken in previous returns				
(C) Net ITC Available (A) -(B) 4A- [4B (1) +4B (2)]				
(D) Ineligible ITC-Other Details;				
(1) As per Section 17(5) (1) ITC reclaimed which was reversed under Table 4(B)(2) in earlier tax period.				
(2) Others (2)..Others Ineligible ITC under section 16(4) and ITC restricted due to PoS provisions.				

-

5. Values of exempt, nil-rated and non-GST inward supplies

Nature of supplies	Inter-State supplies	Intra-State supplies
1	**2**	**3**
From a supplier under composition scheme, Exempt and Nil rated supply		
Non-GST supply		

2. Circular 171/2022 dated 06.07.2022

Invoice issue ചെയ്യുന്നതുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ നൽകുന്ന clarification ആണ് ഈ സർക്കുലർ

1) A എന്നയാൾ B എന്നയാൾക്ക് (രണ്ടുപേരും Registered Persons ആണ്) Goods ന്റെയോ Service ന്റെയോ supply നടത്താതെ തന്നെ invoice issue ചെയ്യുന്നു. ഈ transaction ന്റെ Section 7 പ്രകാരം GST ൽ supply ആയി കണക്കാക്കുവാൻ സാധിക്കുമോ?

ഇതുമായി ബന്ധപ്പെട്ട് Section 73/74 പ്രകാരമുള്ള നടപടി സാധ്യമാണോ?. ഏതെങ്കിലും തരത്തിലുള്ള penal action applicable ആണോ?

A എന്നയാൾ B എന്നയാൾക്ക് സാധനമോ സേവനമോ നല്കാതെ Invoice മാത്രമാണ് നല്കിയിട്ടുള്ളത് എങ്കിൽ GST നിയമപ്രകാരം ആയത് "Supply" യുടെ പരിധിയിൽ വരുന്നതല്ല. (Section 7 പ്രകാരം) ആയതിനാൽ ഈ transaction GST പ്രകാരമുള്ള നികുതിക്ക് വിധേയമല്ല. ഇക്കാരണംകൊണ്ട്തന്നെ 73/74 പ്രകാരമുള്ള provisions പ്രകാരമുള്ള പ്രക്രിയയും അതോടൊപ്പം വരുന്ന penal action ഉം ഇവിടെ ബാധകമല്ല. എന്നാൽ യഥാർത്ഥ supply നടക്കാതെ tax invoice issue ചെയ്തുവെന്ന കുറ്റത്തിന് A എന്ന registered person നുമേൽ section 122(1)(ii)പ്രകാരം പെനാലിറ്റി impose ചെയ്യാവുന്നതാണ്.

2) മേൽപറഞ്ഞ case ൽ B എന്നയാൾ A നൽകുന്ന invoice ഉപയോഗിച്ച് input tax credit avail ചെയ്യുകയും, അയാൾ നടത്തുന്ന മറ്റ് supply ൾക്ക് against ആയി അത് utilize ചെയ്യുകയും ചെയ്താൽ, B എന്ന registered person ന് മേൽ ടി ITC recover ചെയ്യുന്നതിനായി Section 73/74 പ്രകാരം നടപടിയും penal action ഉം എടുക്കുവാൻ സാധിക്കുമോ?

ഇവിടെ 'B' എന്നയാൾ A എന്നയാൾ നൽകിയ fraud invoice വഴി ലഭ്യമായ fraudulent ITC avail ചെയ്യുകയും ആയത് utilize ചെയ്ത് തന്റെ business ലെ outward supply യുടെ payment നടത്തിയിട്ടുള്ളതുമാകുന്നു.

B എന്നയാൾ input tax credit avail ചെയ്തുകൊണ്ട് credit ledger ലേക്ക് മാറ്റിയ തുക, സാധനമൊ സേവനമൊ fraudulent ആയി (യഥാർത്ഥത്തിൽ സ്വീകരിക്കാതെ) A നൽകിയ invoice ന്റെ വെളിച്ചത്തിൽ എടുത്തിട്ടുള്ളതായതിനാൽ ആയതുമായി ബന്ധപ്പെട്ട ITC Section 16(2)b ക്ക് വിരുദ്ധമായി എടുത്തിട്ടുള്ളതിനാൽ Section 74 പ്രകാരമുള്ള demand നും പെനാൽറ്റിക്കും Section 50 പ്രകാരമുള്ള interest നും ബാദ്ധ്യതയുണ്ടായിരിക്കും. കൂടാതെ B എന്നയാൾ fraudulent ITC utilization നടത്തിയതിന്റെ പേരിൽ അയാളുടെ മേൽ Section 74 പ്രകാരമുള്ള penal actions എടുത്തിട്ടുള്ളതിനാൽ Section 75 (13) അനുസരിച്ച്, ഈ act ലെ മറ്റ് ഏതെങ്കിലും penal action അയാളുടെ മേൽ ബാധകമായിരിക്കുകയില്ല. (section 122 ഉൾ പ്പെടെ)

3) മേൽ പറഞ്ഞ case ൽ A എന്നയാൾ B ക്ക് സാധനമോ സേവനമോ supply ചെയ്യാതെ invoice മാത്രം നൽകുകയും, B, ഈ invoice ന്റെ വെളിച്ചത്തിൽ ITC avail ചെയ്യുകയും ഇതേ രീതിയിൽ സാധനമോ സേവനമോ supply ചെയ്യാതെ invoice മാത്രം നൽകി ടി ITC, C എന്നയാൾക്ക് pass ചെയ്യുകയും ചെയ്താൽ, B എന്നയാൾ 73/74 പ്രകാരമുള്ള demand നോ penal provisions നോ വിധേയമാണോ?

ഈ case ൽ സാധനത്തിന്റെയോ സേവനത്തിന്റെയൊ supply കൂടാതെ A നൽകിയ invoice ന്മേൽ B avail ചെയ്ത ITC utilize ചെയ്തത് ഇതേ രീതിയിൽ സാധനത്തിന്റെയോ സേവനത്തിന്റെ supply കൂടാതെ invoice മാത്രം നൽകി ഈ ITC യെ C എന്നയാൾക്ക് pass on ചെയ്യുന്നതിന് വേണ്ടിയാണ്.

ഇവിടെ A നൽകിയ invoice ൽ നിന്നും B, avail ചെയ്ത input tax credit section 16(2) b പ്രകാരം ineligible ആണ്.

എന്നാൽ ഇവിടെ B ൽനിന്നും C ലേക്ക് സാധനത്തിന്റെയോ സേവനത്തിന്റെയോ supply നടന്നിട്ടില്ലാത്തതിനാൽ പ്രസ്തുത transaction GST ACT പ്രകാരം supply യുടെ പരിധിയിൽ വരാത്തതിനാൽ ഇതിനുവേണ്ടി നടത്തിയ payment ന് പ്രസക്തിയില്ലാത്തതിനാൽ B എന്നയാൾ A നൽകിയ invoice ൽ നിന്ന് എടുത്തിട്ടുള്ള input tax credit utilize ചെയ്തതായി കണക്കാക്കാൻ കഴിയില്ല.

ആയതിനാൽ, ഈ case കളിൽ B, fraudulent ആയി avail ചെയ്ത input tax credit ഉമായി ബന്ധപ്പെട്ടോ, B, C ക്ക് നടത്തിയ outward supply യുമായിബന്ധപ്പെട്ടോ Section 73/74 പ്രകാരമുള്ള. Demand ഓ recovery യൊ ബാധകമല്ല.

എന്നാൽ യഥാർത്ഥ സാധനത്തിന്റെയോ സേവനത്തിന്റെയോ supply നടത്താതെ invoice issue ചെയ്തുവെന്ന കുറ്റത്തിന് B എന്ന taxpayer Section 122(1)(ii), 122(1)(VII) എന്നിവ പ്രകാരം penal actions ന് ബാധ്യസ്ഥനാണ്.

Circular 172/2022-CT (Rate) dated. 06.07.2022

GST യിൽ നിലവിലുള്ള പല issues മായി ബന്ധപ്പെട്ട് clarification നൽകുന്നതിലേക്കായി നിലവിൽ വന്നിട്ടുള്ള സർക്കുലറാണിത്.

I Deemed exporters ആയി കണക്കാക്കപ്പെടുന്ന suppliers, claim ചെയ്യുന്ന refund

1.Deemed exporters ആയി കണക്കാക്കപ്പെടുന്ന suppliers, refund claim ചെയ്യുന്നതിനായി avail ചെയ്യുന്ന ITC Section 17 ലെ provisions ഉമായി ബന്ധപ്പെട്ടുള്ളതാണോ-?

മേൽ പറഞ്ഞ Deemed export ഉമായി ബന്ധപ്പെട്ട suppliers claim ചെയ്യുന്ന refund ഉമായി ബന്ധപ്പെട്ട ITC അവർ നടത്തുന്ന supply യുമായി ബന്ധപ്പെട്ട് purchase ന് മേൽ അടച്ചിട്ടുള്ള നികുതി തന്നെയാണ്.

എന്നിരുന്നാലും ഇത്തരത്തിലുള്ള export ൽ recipient, refund claim ചെയ്യുമ്പോൾ portal ലെ electronic credit ledger ൽ നിന്ന് debit ചെയ്യുന്നതിന് പല ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. ഈ ബുദ്ധിമുട്ട് പരിഗണിച്ചു കൊണ്ട് ഇത്തരത്തിലുള്ളവർക്ക് ഇത്തരം supply കളുമായി ബന്ധപ്പെട്ട് deemed exporter (supplier) അടയ്ക്കുന്ന നികുതി 12.03.2021 ലെ 147/2021 പ്രകാരം recipient ന്റെ ITC ആയി അവർക്ക് മാത്രം refund അനുവദിക്കുന്ന രീതിയിലാണ് ലഭ്യമാക്കുന്നത്. ഇത്തരത്തിൽ Deemed exporters pay ചെയ്യുന്ന tax ഉമായി ബന്ധപ്പെട്ട ITC അനുവദിക്കപ്പെടുന്നത് recipient ന് ആണ്. ഇത് Refund ന് വേണ്ടി മാത്രമാണ് എന്നതിനാൽ, ഇത്തരത്തിൽ അടയ്ക്കപ്പെടുന്ന നികുതിയുമായി ബന്ധപ്പെട്ട ITC, chapter V ലെ provisions ഉ മായി ബന്ധപ്പെടാത്തതിനാൽ ഇത്തരത്തിൽ Deemed export ന്റെ recipient avail ചെയ്യുന്ന ITC, Section 17 ന്റെ പരിധിയിൽ വരുന്നതല്ല.

2.ഒരു deemed export supply യുമായി ബന്ധപ്പെട്ട് recipient ന് supplier (deemed exporter) ൽ നിന്ന് ലഭ്യമാകുന്ന ITC യുടെ മേൽ refund claim ചെയ്യുമ്പോൾ deemed export ആയി കണക്കാക്കുന്ന supply യുമായി ബന്ധപ്പെട്ട് അടച്ച നികുതി തുക Rule 89(4) or 89(5) പ്രകാരം refund തുക compute ചെയ്യുന്നതിനായി എടുക്കുന്ന "Net ITC" യിൽ ഉൾപ്പെടുത്തുമോ?

Deemed export Suppliers ന് മേൽ supplier അടച്ച input tax credit, recipient ന് അനുവദിക്കുന്നത് refund purpose ന് വേണ്ടി മാത്രമാണ്. മറിച്ച് ഈ തുക chapter V ലെ provisions പ്രകാരം ലഭ്യമായിട്ടുള്ളതല്ല. ആയതിനാൽ recipient ന് ഈ ITC തുക refund ഉമായി ബന്ധപ്പട്ട തുക കണ്ടെത്തുന്നതിനുള്ള "Net ITC for computation of refund" ൽ ഉപയോഗിക്കുവാൻ സാധിക്കുന്നതല്ല.

<u>ii.</u> GST Act ലെ Section 17(5) ഉമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെ മേലുള്ള clarification.

3. Section 17(5) (b) യിലെ proviso, clause (b)യിലെ എല്ലാ sub clause കൾക്കും ബാധകമാണോ, അതോ അവസാനത്തെ sub clause ആയ sub clause (III) യ്ക്ക് മാത്രമാണോ ബാധകം.?

ഈ Notification വഴി, sub clause (iii) യ്ക്ക ശേഷമുള്ള provisio, clause (b) യിലെ എല്ലാ sub clause കൾ ക്കും ബാധകമാണെന്ന് clarify ചെയ്തു.

4.Section 17 (5) (b) യിലെ sub clause (i) താഴെ പറയുന്ന ITC bar ചെയ്യുന്നുണ്ടോ?

“Motor vehicles, air craft, vessals എന്നിവ lease ചെയ്യുന്നതുമായി ബന്ധപ്പെട്ടതോ ഏതെങ്കിലും തരത്തിലുള്ളമറ്റ് leasing ഉമായി ബന്ധപ്പെട്ടസർവ്വീസിൽ വരുന്ന ITC”

Section 17(5) (b) യുടെ sub clause (i) ൽ " Leasing of motor vehicle, leasing of air craft, vessels" എന്നിവയുമായി ബന്ധപ്പെട്ട ITC മാത്രമാണ് bar ചെയ്തിട്ടുള്ളത് ആയതിനാൽ ഈ sub clause പ്രകാരം ഈ category യിൽപ്പെട്ട service കൾ ഒഴികെ മറ്റൊന്നും bar ചെയ്തിട്ടില്ല എന്ന് clarify ചെയ്തിരിക്കുന്നു.

III. ഒരു, Contractual agreement ഉമായി ബന്ധപ്പെട്ട് ഒരു Employer, Employee ക്ക് നൽകുന്ന വേതനം

5.ഒരു employer contractual agreement വഴിയുള്ള employee യ്ക്ക് നൽകുന്ന വേതന വിഹിതം GST യ്ക്ക് liable ആണോ?

GST യിലെ schedule III പ്രകാരം ഒരു Employee, Employer ക്ക് നൽകുന്ന service ന് നൽകുന്ന consideration GST പ്രകാരമുള്ള supply യ്ക്ക് പുറത്താണ്.

ഇത് പോലെ തന്നെ ഒരു Employer ഉം Employee യും തമ്മിൽ ഉണ്ടാക്കുന്ന ഒരു contractual agreement പ്രകാരം ഒരു Employer , employee യ്ക്ക് നൽകുന്ന വേതന വിഹിതവും GST യ്ക്ക് liable ആയിരിക്കില്ല എന്ന് ഈ circular, clarify ചെയ്യുന്നു.

IV. Electronic cash ledger ലും Credit ledger ലും ലഭ്യമായ തുക മറ്റ് liability കൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്:-

6) Electronic Credit ledger ൽ ലഭ്യമായ ഒരു തുകയെ GST നിയമ പ്രകാരമുള്ള ഏതെങ്കിലും ഒരു payment നടത്തുന്നതിന് ഉപയോഗിക്കാമോ?

ഈ clarification പ്രകാരം, tax payer, return ൽ self-assess ചെയ്ത output tax due ആയിരുന്നാലും GST യിലെ ഏതെങ്കിലും provisions പ്രകാരമുള്ള ഒരു proceedings വഴി create ചെയ്ത തുകയായിരുന്നാലും credit ledger ലെ amount utilize ചെയ്ത് payment നടത്താവുന്നതാണ്.

എന്നാൽ reverse charge mechanism വഴി അടയ്ക്കേണ്ട ഒരു തുക Electronic Credit ledger ഉപയോഗിച്ച അടയ്ക്കുവാൻ പാടുള്ളതല്ല.

7. Electronic Credit ledger ൽ available ആയിട്ടുള്ള ഏതെങ്കിലും തുക GST Law യിലെ tax അല്ലാതെയുള്ള ഏതെങ്കിലും തുകയുടെ payment ന് ഉപയോഗിക്കുവാൻ സാധ്യമാണോ?

Electronic Credit Ledger ൽ ലഭ്യമായ തുകയെ GST യിലെ interest penalty, fees(late fee) എന്നിവയുടെയോ Tax അല്ലാതെയുള്ള ഈ Act പ്രകാരമുള്ള മറ്റേതെങ്കിലും payment നോ വേണ്ടിയോ ഉപയോഗിക്കുക സാധ്യമല്ല.

കൂടാതെ erroneous refund നേടിയെടുത്തിട്ടുള്ള ഒരാൾക്ക് അത് cash ആയിട്ടാണ് sanction ചെയ്തിട്ടുള്ളതെങ്കിൽ ആയത് തിരിച്ചടയ്ക്കുമ്പോൾ Electronic Credit Ledger ൽ നിന്നും ആയത് debit ചെയ്ത് അടയ്ക്കുവാൻ സാധിക്കുന്നതല്ല.

8.Electronic Cash ledger ൽ ലഭ്യമായ ഒരു തുകയെ GST നിയമപ്രകാരമുള്ള ഏതെങ്കിലും liability യുടെ payment നായി ഉപയോഗിക്കാമോ?

Section 49(3) പ്രകാരം Electronic Cash Ledger ൽ ലഭ്യമായ തുകയെ Tax Interest, penalty, fees മറ്റേതെങ്കിലും തുക എന്നിവയിലേതിന്റെയും payment ന് ഉപയോഗിക്കാവുന്നതാണ്.

Circular No.173/2022 dated 06.07.2022

ചില concessional Notifications ന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ supply ചെയ്യുന്ന supplier മാർക്ക് inverted duty structure പ്രകാരം refund claim ചെയ്യുന്നതുമായി ബന്ധപ്പെട്ട clarification:-

ഇത് Circular 135/2020 ന്റെ വിശകലനം ആണ്. ഈ circular ന്റെ para 3.2 പ്രകാരം Input supply യും output supply യും ഒന്ന് തന്നെ ആയിരുന്നാൽ inverted duty structure അനുവദനീയമായിരുന്നില്ല.

എന്നാൽ സർക്കുലറിലെ para 3.2 ന്റെ വിശദീകരണത്തിൽ concessional notification വഴി tax rate കുറച്ച കൊടുത്തിട്ടുള്ള സാധനങ്ങളുടെ supplier നടത്തുന്ന ഒരേ തരം സാധനങ്ങളുടെ supply ഉൾപ്പെടുന്നില്ലെന്നും, ആയതിനാൽ ഇത്തരം supply വഴിയുള്ള ഒരു supplier ടെ ITC accumulation ന് മേൽ inverted duty structure വഴി section 54(3)(iii) പ്രകാരം refund അനുവദനീയമാണെന്നും ഈ സർക്കുലർ clarify ചെയ്യുന്നു.

ഇതിനു വേണ്ടി സർക്കുലർ 135/2020 ന്റെ para 3.2 substitute ചെയ്തു.

Circular No.174/2022 dated 06.07.2022

Credit ledger -ൽ നിന്നും ഏതെങ്കിലും തരത്തിൽ അനുവദനീയമല്ലാത്ത തുകയുടെ refund തെറ്റായ രീതിയിൽ ലഭിച്ചിരിക്കുന്നതായോ, excess refund ലഭിച്ചിരിക്കുന്നതായോ ബോദ്ധ്യപ്പെട്ടാൽ tax payer -ടെ സ്വന്തം ഇഷ്ട പ്രകാരമോ, Jurisdictional officer ടെ നിർദ്ദേശ പ്രകാരമോ ആയത് തിരികെ credit ledger ലേയ്ക്ക് അടയ്ക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് കൊണ്ട് proper officer, പുതായതായി ഉൾപ്പെടുത്തിയ Rule 86(4B) പ്രകാരം പ്രസ്തുത തുക electronic credit ledger ലേയ്ക്ക് re-credit ചെയ്ത് കൊടുക്കുന്നതിനായി FORM GST PMT-03A എന്ന സംവിധാനം ഈ അടുത്ത കാലത്ത് portal ൽ ഒരുക്കിയിട്ടുണ്ട്.

ഈ പ്രക്രീയ uniform ആയി എല്ലായിടത്തും നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ സർക്കുലർ ഇറക്കിയിട്ടുള്ളത്.

ഇത്തരത്തിലുള്ള സൗകര്യം അനുവദനീയമായിട്ടുള്ളത് താഴെ പറയുന്ന വിഭാഗത്തിൽ ലഭിച്ച തെറ്റായ Refund കൾക്ക് മേൽ ആണ്.

a) Refund of IGST obtained in contravention of Sub Rule (1)) of Rule 96 (IGST paid on goods or services exported out of India)

b) Refund of unutilized ITC on account of zero-rated supply of goods/services without payment of tax.

c) Refund of unutilized ITC on account of zero rated supply of goods/services SEZ/SEZ developer.

d) Refund of unutlized ITC due to inverted duty structure.

PMT-03 വഴി credit ledger ലേയ്ക്ക് re-credit ചെയ്യുന്നതിനുള്ള procedure:-

1)Erroneous ആയി refund ചെയ്യപ്പെട്ട തുക, electronic cash ledger -ൽ നിന്നും debit ചെയ്ത് FORM DRC-03 വഴി portal ലേയ്ക്ക് നിക്ഷേപിക്കുക.

ഇവിടെ Reason for making payment എന്ന text box -ൽ "Deposit of erroneous refund of unutilized ITC" അഥവാ "Deposit of erroneous refund of IGST obtained in contravention to Sub Rule 10 of rule 96 of CGST/SGST Rules" എന്നതിൽ ഏതെങ്കിലും ആയിരിക്കണം (ഏതാണോ അത്) mention ചെയ്യേണ്ടത്.
ഈ സംവിധാനം automated ആയി ലഭ്യമാകുന്നത് വരെ tax payers ന് Annexure-A യിൽ സർക്കുലറിനോടൊപ്പം ചേർത്തിട്ടുള്ള written request വഴി Jurisdictional officer നോട് DRC-03 വഴി അടച്ചിട്ടുള്ള തുക re-credit ചെയ്യുവാൻ ആവശ്യപ്പെടാവുന്നതാണ്.

Proper officer ക്ക്, refund തുക, Section 50 പ്രകാരമുള്ള പലിശ, ഏതെങ്കിലും തരത്തിലുള്ള penalty applicable ആണെങ്കിൽ അത്തരം തുക തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ (FORM DRC 03 വഴി, cash ledger ൽ പണം നിക്ഷേപിച്ച് അടച്ച തുക) erroneous refund ആയി ലഭിച്ച തുക (Interest, penalty എന്നിവ ഒഴികെ) FORM GST PMT 03A create ചെയ്ത് 30 ദിവസത്തിനുള്ളിൽ (Tax, penalty, interest എന്നിവ പൂർണ്ണമായി അടച്ച തീയതി മുതൽ) credit ledger ലേയ്ക്ക് മാറ്റേണ്ടതാണ്.

Circular No.175/2022 dated 06.07.2022

Electricity യുടെ Export യുമായി ബന്ധപ്പെട്ട refund application file ചെയ്യേണ്ട രീതി:-

Power generating unit കൾ ഉൽപ്പാദിപ്പിക്കുന്ന electricity, export ചെയ്യുന്നതുമായി ബന്ധപ്പെട്ട് unutilized ITC യുടെ മേൽ refund നേടിയെടുക്കുവാൻ ബുദ്ധിമുട്ടുന്നുവെന്നതിന്റെ വെളിച്ചത്തിലാണ് ഇതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇലക്ട്രിസിറ്റിയെ goods ആയി classify ചെയ്തിട്ടുള്ളതിനാൽ, ഇതിന്റെ export -മായി ബന്ധപ്പെട്ടുള്ള refund application ൽ shipping bill/bill of export എന്നിവ വഴി export prove ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിന്റെ export, port വഴിയല്ല മറിച്ച് transmission tower വഴിയാണ്

നടക്കുന്നത് എന്നതിനാൽ ഇവയൊന്നും ഇവർക്ക് ബാധകമല്ല. എന്നാൽ Rule 89 പ്രകാരം refund നായി ഇവ submit ചെയ്യേണ്ടതുണ്ട്.

ഇത് പരിഹരിക്കുന്നതിലേയ്ക്കായി Notification 14/2022 CT dated 05.07.2022 പ്രകാരം Rule 89(2) ൽ പുതിയതായി (ba) എന്ന clause കൂട്ടിച്ചേർത്തുകൊണ്ട് പുതിയ രീതി നടപ്പിലാക്കിയിട്ടുണ്ട്. . Electricity യുടെ export മായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധങ്ങളായ issues ന്റെ clarification ന് വേണ്ടിയും ഇതിന്റെ procedure വിശദീകരിക്കുന്നതിനും വേണ്ടിയാണ് ഈ circular ഇറക്കിയിട്ടുള്ളത്._

Application file ചെയ്യേണ്ട വിധം:-

